## കത്തുകൾ




# പുതിയ രീതികളെ എന്തുകൊണ്ട് അവഗണിക്കുന്നു?

***മാധ്യമം*** വാർഷികപ്പതിപ്പിൽ (2007) എ. ആർ എഴുതിയ യാത്രാ വിവരണത്തിൽ, കേരളത്തിലെ ഉന്നത ഇസ്‌ലാമിക വിദ്യാഭ്യാസ പരിഷ്കരണ ശ്രമങ്ങളുടെ ഭാഗമായി കയ്റോ മുതൽ കുവൈത്ത് വരെയുള്ള നാടുകളിലെ ഇസ്‌ലാമിക കലാലയങ്ങൾ സന്ദർശിച്ച കൂട്ടത്തിൽ മലേഷ്യൻ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയെ ഒഴിവാക്കിയതായി പരാമർശിക്കുന്നുണ്ട്. ഡോ. നജാത്തുല്ലാ സിദ്ദീഖിയും ഡോ. അനീസ് അഹ്മദുമൊക്കെ വളരെ പ്രശംസിച്ച ഈ സർവകലാശാലയെ അവഗണിച്ചുകൊണ്ടാണ് കേരളത്തിലെ ഉന്നത ഇസ്‌ലാമിക കലാലയങ്ങളുടെ ഘടനയും സിലബസ്സും തയാറാക്കുന്നത് എന്നത് ഉൾക്കൊള്ളാനാവുന്നില്ല.

അവിടെയുള്ള നവീകൃത പാഠ്യപദ്ധതിയുടെ മുഴു നന്മയും നമ്മുടെ ഉന്നത കലാലയങ്ങൾക്കും ലഭ്യമാക്കേണ്ടതല്ലേ? ഒരു ദൗത്യസംഘത്തെതന്നെ അങ്ങോട്ട് നിയോഗിക്കേണ്ടതാണ്.

നാം ഇപ്പോഴും നവീകൃതമായ ഇസ്‌ലാമിക പഠനരീതിയോട് പുറംതിരിഞ്ഞു നിൽക്കുകയാണ്. നമുക്ക് പ്രിയങ്കരമായ ചില ശീലങ്ങളും ചട്ടക്കൂടുകളുമുണ്ട്. അവ പൊളിക്കാൻ നാം കരുത്തു കാണിക്കണം.

സയ്യിദ് മൗദൂദിയുടേതും സയ്യിദ് ഖുത്ബിന്റേതും ഒഴിച്ചാൽ ഇത്രയും കാലമായിട്ടും എന്തുകൊണ്ട് ആധുനിക ഇസ്‌ലാമിക ചിന്തകരുടെ ഒരു ഗ്രന്ഥം പോലും നമ്മുടെ കലാലയങ്ങളിൽ പാഠ്യവിഷയമായിട്ടില്ല എന്ന ചോദ്യം പ്രസക്തമാണ്. ഉയർന്ന ദാർശനികമാനവും പ്രതിഭയും സ്ഫുരിക്കുന്ന എത്രയോ ഗ്രന്ഥങ്ങളാണ്, അമേരിക്കയിൽനിന്നും യൂറോപ്പിൽനിന്നും ഇന്തോനേഷ്യയിൽനിന്നും മലേഷ്യയിൽനിന്നും മറ്റും ഇറങ്ങിക്കൊണ്ടിരിക്കുന്നത്. ഇസ്‌ലാമിനെ ഇന്നിന്റെ ഭാഷയിലും സാഹചര്യങ്ങളിലും അടയാളപ്പെടുത്തുന്ന ഗ്രന്ഥങ്ങൾ. നമ്മുടെ കലാലയങ്ങൾക്ക് അവ സുപരിചിതമാവാൻ ഇനിയുമൊരു നൂറു വർഷം വേണ്ടിവരുമോ?

നവീകൃതവും ബൗദ്ധികമായി ഉയർന്നതും കാലഘട്ടത്തിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതുമായ ഒരു പാഠ്യപദ്ധതി മലേഷ്യയിൽ ഉണ്ടായിരിക്കെ, അവിടേക്കു പോയിട്ടുമതി മറ്റു സ്ഥലങ്ങൾ എന്ന് തീരുമാനിക്കുകയായിരുന്നില്ലേ ഉചിതം?

അറബ് നാടുകളിൽനിന്ന് ലഭിക്കുന്ന ഏതാനും പുസ്തകങ്ങൾ എന്ന ലളിത കാഴ്ചപ്പാടിൽനിന്ന് നമ്മുടെ പാഠ്യപദ്ധതികൾ ഉയരുകതന്നെ വേണം. അലസ പാണ്ഡിത്യവും യാഥാസ്ഥിതിക മുരടിപ്പും അല്ല നമ്മുടെ കലാലയങ്ങൾ സൃഷ്ടിച്ചു വിടുന്നത് എന്ന് ഉറപ്പാക്കേണ്ട പ്രാഥമിക ബാധ്യത നമുക്കേതായാലും ഉണ്ടല്ലോ.

ഇ.വി അബ്ദുവിന്റെ ഒരു വാക്ക് അനുസ്മരിക്കട്ടെ: "നടക്കാൻ കഴിയാത്തവന് ഇരിക്കാനേ നിവൃത്തിയുള്ളൂ. പക്ഷേ, ലോകത്താർക്കും നടക്കാൻ കഴിയില്ല, എല്ലാവരും എന്റെ കൂടെ ഇരിക്കണം എന്ന് ശഠിക്കുന്നത് കഷ്ടമല്ലേ?"

**ഇ.എം സക്കീർ ഹുസൈൻ**

# ചത്ത ചടങ്ങുകൾക്ക് ഒരനുബന്ധം

**ജമാൽ** മലപ്പുറവും പി.കെ ജമാലും വിശുദ്ധ ഖുർആനെക്കുറിച്ച് എഴുതിയ ലേഖനങ്ങൾ (ലക്കം 16) അവസരോചിതമായി. ഖുർആനോടുള്ള മുസ്‌ലിം സമൂഹത്തിന്റെ സമീപനത്തിൽ ഇനിയും ഏറെ മാറ്റങ്ങൾ വരേണ്ടതുണ്ട്. മുസ്‌ലിം പൊതുസമൂഹത്തിലെ എൺപത് ശതമാനത്തിനും ഖുർആൻ ഇപ്പോഴും അർഥമറിയാതെ ഓതാൻ മാത്രമുള്ള ഗ്രന്ഥമാണ്. വെറും പാരായണത്തിനു തന്നെ വേണ്ടതിലധികം പ്രതിഫലം വാഗ്ദാനം ചെയ്യുമ്പോൾ അർഥവും വ്യാഖ്യാനങ്ങളും വ്യാഖ്യാനങ്ങളിലെ വ്യാഖ്യാനങ്ങളുമൊക്കെയായി നട്ടം തിരിയുന്നതെന്തിനെന്ന് ഒരുപക്ഷേ സമുദായം ആലോചിച്ചിട്ടുണ്ടാവും. അർഥമറിയാതെ ഓതുന്നതിന് അറബിയിൽ തിലാവത്തെന്നോ ഖിറാഅത്തെന്നോ പറയില്ല. പിന്നെ അത്തരം പാരായണങ്ങൾക്ക് പുണ്യമുണ്ടെന്ന് കരുതാൻ എന്ത് ന്യായം? ഖുർആനെ ജീവിതവുമായി ബന്ധിപ്പിക്കുന്നിടത്താണ് ഖുർആനോടുള്ള ആദരവും നീതിയും നിലനിൽക്കുന്നത്. ഖുർആനോടുള്ള ആദരവ് വഴിമാറി ഒടുവിൽ സമുദായത്തിന് ഖുർആനോട് നീതി പുലർത്താൻ കഴിയാതെയായി. ആദരവ് കൂടിക്കൂടി കെട്ടിപ്പൂട്ടി ഉത്തരത്തിൽ കയറ്റിവെക്കാൻ വരെ തുടങ്ങി. പല വീടുകളിലും ഖുർആൻ വെളിച്ചം കാണുന്നത് റമദാനിൽ ഖത്തം തീർക്കാനും മരിച്ചവർക്ക് ഓതിക്കൊടുക്കാനും വേണ്ടിയാണ്. ആദരവും സൂക്ഷ്മതയും കൂടിയ ചിലരാകട്ടെ ഹിഫ്ളിലും ഹിസ്ബിലും ഹർഫ് ഹർകത്തുകളുടെ മഖ്റജുകളിലും കാലം കഴിച്ചുകൂട്ടി.

വിശുദ്ധ ഖുർആൻ ഹർഫും ഹർകത്തും മഖ്റജും ശ്രദ്ധിച്ച് ഈണത്തിൽ പാരായണം ചെയ്യുന്ന ഒരു മുസ്‌ലിംസ്ത്രീക്ക് ഒരു ചാത്തൻസേവാ മഠത്തിൽനിന്ന് വന്ന കത്ത് ഇപ്രകാരമായിരുന്നു: 'നിങ്ങളയച്ച കത്തും അഞ്ഞൂറു രൂപയും കിട്ടി. നിങ്ങൾക്ക് വേണ്ടി ഞങ്ങൾ പ്രത്യേക പൂജയും പ്രാർഥനയും നടത്തിയിട്ടുണ്ട്. നിങ്ങൾ അകപ്പെട്ട മാരണത്തിൽനിന്നും അടുത്തുതന്നെ രക്ഷപ്പെടും.' കത്തിൽ അൽപം വറുത്ത അരിമണിയും ഉണങ്ങിയ തുളസിയിലയും ഭസ്മവും ഉണ്ടായിരുന്നു.

ഈ നാടൻ സ്ത്രീക്ക് ഖുർആൻ ഭംഗിയായി വായിക്കാനും 'പുത്തൻ പ്രസ്ഥാനക്കാരുടെ മോഹന ജൽപനങ്ങളിൽ' അകപ്പെടാതിരിക്കാനുമുള്ള സാമാന്യ അറിവ് വേണ്ടുവോളം ഉണ്ട്!

വിശുദ്ധ ഖുർആൻ ഭംഗിയായി പാരായണം ചെയ്യാൻ പ്രോത്സാഹനം നൽകുന്ന ഒരു മഹല്ലിലെ പണ്ഡിതന്മാർക്കിടയിലെ ഇപ്പോഴത്തെ ചർച്ചാവിഷയം കേട്ടോളൂ: കൊടുത്ത സ്ത്രീധനത്തുകയിൽനിന്ന് വല്ലതും തിരിച്ചുനൽകിയാൽ അത് സ്വീകരിക്കാമോ? സ്വീകരിക്കാം എന്ന് ഒരു വിഭാഗം. ഹദ്‌യയായി നൽകിയതല്ലേ സ്വീകരിക്കരുത് എന്ന് മറുവിഭാഗം. അന്തിമ ഫത്‌വ പുറത്തു വന്നിട്ടില്ല.

ഖുർആനിൽ 'വആത്തുന്നിസാഅ സ്വദുഖാത്തിഹിന്ന' (4:4) എന്ന ആയത്ത് പാരായണം ചെയ്യുന്നവർതന്നെയാണ് മേൽ ചർച്ചയിൽ ഏർപ്പെട്ടവർ. ഖുർആനെ ജീവിതവുമായി ബന്ധിപ്പിക്കുന്നിടത്ത് ഒരു വലിയ പിഴവ് സംഭവിച്ചിരിക്കുന്നു. 'വമാ ഖദറുല്ലാഹ ഹഖ ഖദ്‌രിഹി' (അല്ലാഹുവെ അവനർഹിക്കുന്നവിധം അവർ പരിഗണിച്ചിട്ടില്ല) എന്ന് ഖുർആൻ പറഞ്ഞിടത്ത് കാര്യങ്ങൾ എത്തിനിൽക്കുന്നു.

പുരോഹിത പണ്ഡിത ജൽപനങ്ങളിൽനിന്നും 'ഉർഫുൽ ബിലാദി'(നാട്ടാചാരം)ൽനിന്നും മുസ്‌ലിം ഉമ്മത്തിനെ രക്ഷപ്പെടുത്തി, ഖുർആനിൽനിന്ന് നേരിട്ടൊരു പാലം സമുദായത്തിലേക്ക് പണിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇല്ലെങ്കിൽ ജമാൽ മലപ്പുറം പറഞ്ഞതുപോലെ സമുദായത്തിലെ പലതും ചത്ത ചടങ്ങുകളായി മാറിയേക്കും.

**കെ.കെ ഹമീദ് മനക്കൊടി, തൃശൂർ**

# ഇസ്മാഈൽ ഹാജിയുടെ ഓർമകൾ

**വി.പി** ഇസ്മാഈൽ ഹാജിയുടെ സംഭവ ബഹുലമായ ഓർമകളിൽ ഭൂപതി എൻ. അബൂബക്കർ ഹാജിക്ക് ഇടം കിട്ടാതെ പോയത് നിർഭാഗ്യകരമായി. ഇസ്മാഈൽ ഹാജി വയനാട്ടിൽ എത്തുന്നതിന് മുമ്പു തന്നെ, തന്റെ വിപുലമായ കച്ചവട ബന്ധങ്ങൾ ഉപയോഗപ്പെടുത്തിയും വശ്യവും ആകർഷകവുമായ പെരുമാറ്റരീതി കൊണ്ടും സ്വതഃസിദ്ധമായ വാക്ചാതുരി മുഖേനയും വയനാടിന്റെ മൂക്കുമൂലകളിൽ ജമാഅത്തിന്റ സന്ദേശം അദ്ദേഹം എത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ ഉജ്ജ്വലമായ പ്രഭാഷണങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടില്ലാത്ത ഒരു ഓണംകേറാമൂലയും വയനാട്ടിലോ കോഴിക്കോടൻ മലയോരപ്രദേശങ്ങളിലോ ഉണ്ടെന്ന് തോന്നുന്നില്ല.

മാഹിയിൽനിന്ന് ബത്തേരിയിൽ കുടിയേറിപ്പാർത്ത പരമസാത്വികനായിരുന്ന മമ്മു സാഹിബ് അറിയപ്പെട്ടിരുന്നതുതന്നെ 'മൗദൂദി മമ്മുക്ക' എന്ന പേരിലായിരുന്നു. ഇസ്മാഈൽ ഹാജി വയനാട്ടിൽ എത്താൻ കാരണക്കാരനായ സി.കെ മമ്മുഹാജി (മുഹമ്മദ് ഹാജിയല്ല)ക്ക് 'ജമാഅത്ത് സഹയാത്രികനായിരുന്ന മുജാഹിദ്' എന്ന വിശേഷണമാണ് യോജിക്കുക. മുജാഹിദ് സമ്മേളനങ്ങളിൽ സംബന്ധിക്കുന്ന അതേ ആവേശത്തോടെ ജമാഅത്ത് പരിപാടികളിലും ശാന്തപുരം-ചേന്ദമംഗല്ലൂർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാർഷികയോഗങ്ങളിലും മറ്റും അദ്ദേഹം കുടുംബസമേതം പങ്കെടുക്കാറുണ്ടായിരുന്നു. തന്റെ ആൺകുട്ടികളെയും പെൺകുട്ടികളെയും പഠനത്തിനയച്ചതും ചേന്ദമംഗല്ലൂരിലെ സ്ഥാപനങ്ങളിലായിരുന്നു. ഇസ്മാഈൽ ഹാജിക്ക് അദ്ദേഹം പ്രസ്ഥാനപ്രവർത്തനങ്ങളിൽ കലവറയില്ലാത്ത പിന്തുണയും പ്രോത്സാഹനവും നൽകിയിരുന്നു എന്നാണറിവ്.

അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർക്കുന്നതിൽ മൃദുലത പുലർത്തുന്നു എന്നതായിരുന്നു ജമാഅത്തിനോടുള്ള അദ്ദേഹത്തിന്റെ ഏക വിമർശനം. പ്രമാണിമാരുടെ ഭീഷണികളെ അതേ നാണയത്തിൽ നേരിടുക എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. അര നൂറ്റാണ്ടു മുമ്പ് വയനാട്ടിൽ പിണങ്ങോട്ട് മഹല്ല് പള്ളിയിൽ മലയാളത്തിൽ ഖുത്ബ നിർവഹിക്കാൻ തുടങ്ങിയപ്പോൾ, ബലപ്രയോഗത്തിലൂടെ പള്ളി പിടിക്കാൻ പതി അബ്ദുൽ ഖാദിർ മുസ്‌ലിയാരുടെ പ്രേരണയിൽ കോപ്പുകൂട്ടിയ പ്രമാണിമാരും സംഘവും അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യത്തിൽ പിൻവാങ്ങിയതായാണ് ചരിത്രം.

**ടി.എം ഹുസൈൻ, ആരാമ്പ്രം**

# നോമ്പുതുറ 'മേളകൾ'

**എല്ലാ** വർഷവും റമദാൻ ആംഭിച്ചാൽ *പ്രബോധനത്തി*ൽ റമദാനിലെ ഭക്ഷണരീതിയെക്കുറിച്ച് ലേഖനങ്ങളും കുറിപ്പുകളും വരാറുണ്ട്. ഈ വർഷവും അതാവർത്തിച്ചതായി കണ്ടു. എന്നാൽ ലേഖനങ്ങളും ഉദ്ബോധനങ്ങളുമൊക്കെ നിൽക്കേണ്ടിടത്ത് നിന്നാൽ മതി എന്ന മട്ടിലാണ് സമുദായത്തിന്റെ പോക്ക്. നോമ്പുതുറകളിലെല്ലാം ഇന്ന് വിഭവങ്ങളുടെ പ്രളയമാണ്. അടുത്ത കാലത്തായി നോമ്പുതുറക്ക് ബിരിയാണി എന്ന പ്രവണത കണ്ടുവരുന്നു. വൈകുന്നേരം വരെ വിശന്നിരിക്കുന്ന ശരീരത്തിലേക്ക് നെയ്യിന്റെ അംശം കൂടുതലുള്ള ഇത്തരം ഭക്ഷണങ്ങൾ ചെന്നുകഴിഞ്ഞാൽ തളർച്ച അനുഭവപ്പെടുകയും രാത്രിയിലെ ആരാധനാകർമങ്ങൾ അലസമായി നിർവഹിക്കാൻ അത് ഇടവരുത്തുകയും ചെയ്യും. ബിരിയാണി വെക്കുന്നതിന് ന്യായീകരണമായി പറയുന്നത് കൂടുതൽ എളുപ്പവും സമയലാഭവുമുണ്ട് എന്നാണ്. റിസ്കെടുക്കാതെ കാര്യം നേടുക എന്നത് മുതലാളിത്ത സംസ്കാരത്തിന്റെ ഭാഗമാണ്. ഡിസ്പോസബിൾ പാത്രങ്ങളും മറ്റും ഉപയോഗിക്കുന്നതിന് ന്യായീകരണമായി പറയുന്നതും ഇതുതന്നെയാണ്. മുതലാളിത്ത ജീവിതശൈലി നാമറിയാതെ നമ്മെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത. ഒരു കാരക്കച്ചീന്തുകൊണ്ടെങ്കിലും നോമ്പു തുറപ്പിക്കുക എന്ന് പ്രവാചകൻ പഠിപ്പിച്ചത് ആ കർമത്തിന്റെ വിശുദ്ധിയെ മുൻനിർത്തിയാണ്. നോമ്പിന്റെ മാത്രമല്ല മറ്റു ആരാധനാ കർമങ്ങളുടെ കൂടി വിശുദ്ധി നിലനിൽക്കണമെങ്കിൽ ഇത്തരം തീറ്റമേളകളെ നിരുത്സാഹപ്പെടുത്തിയേ പറ്റൂ. പ്രസ്ഥാന പ്രവർത്തകരെങ്കിലും ഇക്കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്.

**നാസിഫ, പൊന്നാനി**

## ▪ ചുരുക്കെഴുത്ത്

പണ്ഡിതനായ സയ്യിദ് ഇസ്മാഈൽ പൂക്കോയ തങ്ങളുമായി നടത്തിയ അഭിമുഖം (ലക്കം 16) വായിച്ചു. ഇത്തരം പണ്ഡിതന്മാർ രംഗത്തിറങ്ങി പ്രവർത്തിക്കുകയാണെങ്കിൽ സമുദായത്തിലെ ഐക്യശ്രമങ്ങൾക്ക് അത് വലിയൊരു മുതൽകൂട്ടാവും.

**ടി.കെ അലവി വാരണാക്കര**

'**ക**രക്കടുക്കാത്ത ജീവിതങ്ങൾ' എന്ന ഫീച്ചർ (ലക്കം 13) ശ്രദ്ധേയമായി. മുസ്‌ലിം സംഘടനകൾ തീരപ്രദേശങ്ങളെ തിരിഞ്ഞു നോക്കാതിരുന്നാൽ വർഗീയ-തീവ്രവാദ ശക്തികൾ ഒരുക്കുന്ന കെണിയിൽ അവർ അകപ്പെടും, തീർച്ച.

**ശമീർ മുണ്ടുമുഴി**